"ഭരണഭാഷ മാതൃഭാഷ"

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# കേരള സർക്കാർ

## <u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർ കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ പോകേണ്ട സാഹചര്യത്തിൽ അവർക്ക് ആ ദിവസങ്ങളിലെ വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ(പി) നം.155/2020/ധന    തീയതി, തിരുവനന്തപുരം, 11/11/2020

==========================================================================

പരാമർശം :-1. 07.06.2020 ലെ സ.ഉ(കൈ) നം.112/2020/പൊ.ഭ.വ
2..02.07.2020 ലെ സ.ഉ(കൈ) നം.128/2020/പൊ.ഭ.വ

## <u>ഉത്തരവ്</u>

പരാമർശം (1),(2) പ്രകാരം കോവിഡ് സ്ഥിരീകരിക്കപ്പെട്ട സർക്കാർ ജീവനക്കാർക്കും, ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ട സർക്കാർ ജീവനക്കാർക്കും പ്രസ്തുത കാലയളവ് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആകസ്മിക അവധിയായി ബന്ധപ്പെട്ട മേലധികാരികൾക്ക് അനുവദിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിക്കുകയോ, കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ പോകേണ്ടതോ ആയ സാഹചര്യത്തിൽ അവർക്ക് ആ ദിവസങ്ങളിലെ വേതനം അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും, കോവിഡ് പോസിറ്റീവായ രോഗികളും പ്രാഥമിക സമ്പർക്ക പട്ടികയിലുള്ളവരും ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന ദിവസമത്രയും ക്വാറന്റൈനിൽ/നിരീക്ഷണത്തിലിരിക്കണമെന്നുള്ളതുകൊണ്ട്, ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിക്കുകയോ, ക്വാറന്റൈനിൽ /നിരീക്ഷണത്തിൽ ഇരിക്കേണ്ട അവസ്ഥ സംജാതമാകുകയോ ആണെങ്കിൽ അവർക്ക് ചികിത്സാകാലയളവ്/നിരീക്ഷണകാലയളവ് ബന്ധപ്പെട്ട സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ അവർ ജോലിയ്ക്ക് ഹാജരാകേണ്ടിയിരുന്ന പ്രവർത്തി ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സഞ്ജയ് എം.കൗൾ**
**ധനകാര്യ (വ്യയം) സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-1) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-2) കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ
7. രജിസ്ട്രാർ , കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ
12. ഗവർണ്ണറുടെ സെക്രട്ടറി
13. മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
14. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
15. എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
16. പ്രതിപക്ഷ നേതാവിന്റെയും സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
17. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
18. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
19. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ
20. നോഡൽ ഓഫീസർ, www.finance.kerala.gov.in
21. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ